# മത്തായിശ്ലീഹാ




മിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനും കാനോനിക സുവിശേഷ ങ്ങളിൽ പ്രഥമ സുവിശേഷത്തിന്റെ രചയിതാവുമായ മത്തായി ശ്ലീഹായുടെ ദുക്റാന സെപ്തംബർ 21-ന് സഭ ആചരിക്കുന്നു. മിശിഹായുടെ ശിഷ്യനായി മാറുന്നതിനു മുമ്പ് റോമാ സാമ്രാജ്യത്തിനു വേണ്ടി ഹേറോദേസ് അന്തിപ്പാസിന്റെ ഗ്ലീലാപ്രദേശത്ത് (കഫർണാമിൽ) ചുങ്കം പിരിച്ചു കൊണ്ടി രുന്ന ഒരുവനായാണ് മത്തായി ശ്ലീഹായെ വിശുദ്ധ സുവിശേഷത്തിൽ നാം കാണുന്നത് (മത്താ 9,9; മർക്കോ2,14; ലൂക്കാ 5,27). മത്താൻ (സമ്മാനം), യാഹ്വേ (ഇസ്രായേലിന് വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ പേര് കർത്താവ്) എന്നീ രണ്ടു ഹീബ്രുപദങ്ങളിൽനിന്ന് രൂപം കൊണ്ടതാണ് മത്തായി എന്ന നാമം. ഈ വാക്കിന്റെ അർഥം കർത്താവിന്റെ സമ്മാനം എന്നാണ്. ഹല്പയുടെ പുത്രനായ ലേവി (ചേർന്നു നില്ക്കുന്നത് എന്നർഥം) എന്ന പേരിലാണ് മർക്കോസ്, ലൂക്കാ സുവി ശേഷകർ ശ്ലീഹായെ വിളിക്കുന്നത്. എന്നാൽ ശ്ലീഹന്മാരുടെ പേരു നല്കുന്നിടത്ത് സുവിശേ ഷത്തിലും ശ്ലീഹന്മാരുടെ നടപടിയിലും മത്തായി എന്നാണ് പേരുപറയുന്നത് (മത്താ 10,3; മർക്കോ3,18; 6,15; അപ്പ. പ്ര 1,13). മത്തായി ഈശോയുടെ ശിഷ്യനായിരുന്നുവെന്ന് ബാബിലോണി യൻ തൽമൂദിലും കാണുന്നുണ്ട്. ചുങ്കം പിരിക്കുന്നവരെ പാപികളുടെയും പുറജാതിക്കാരുടെയും ഗണത്തിലാണ് യഹൂദനേതാക്കൾ പരിഗണിച്ചിരുന്നത് ( മത്താ 9.10; 11,9; 18,7). ഒരുപക്ഷേ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഏറ്റവും വെറുക്കപ്പെട്ടിരുന്ന ജോലിചെയ്തിരുന്ന വ്യക്തി എന്ന ഖ്യാതിയായിരിക്കും ലേവിക്കുണ്ടായിരുന്നത്. ഈ മത-സംസ്കാരികമുൻവിധികളെ മറികടന്നാണ് ഈശോ മത്തായിയെ തന്റെ ശിഷ്യഗണത്തിൽ ചേർത്തത്.

സഭാ പിതാവായ ഇരണേവൂസും, അലക്സാഡ്രിയായിലെ ക്ലെമന്റും രേഖപ്പെടുത്തിയിരിക്കു ന്നതനുസരിച്ച് മത്തായിശ്ലീഹാ മറ്റു രാജ്യങ്ങളിലേക്ക് പോകുന്നതിനുമുമ്പ് യൂദയായിൽ സുവി

ശേഷപ്രചരണം നടത്തിയിരുന്നു. അതിനുശേഷം മറ്റു രാജ്യങ്ങളിലേക്ക് സുവിശേഷവേലയ്ക്കായി പോയി എന്ന് കാണുന്നുണ്ടെങ്കിലും എവിടേയ്ക്ക് എന്നതിനെക്കുറിച്ച് ഏകാഭിപ്രായമില്ല. എത്യോപ്യായിലും ആധുനികതുർക്കിയിലെ പ്രാചീനപട്ടണമായ ഹീറേപോളീസിലും സുവിശേഷവേല നടത്തിയതായി കരുതപ്പെടുന്നു. ഇറ്റലിയിലെ സേർലേർണോയിൽ ശ്ലീഹായുടെ തിരുശേഷിപ്പ് വണങ്ങപ്പെടുന്നുണ്ട്. ശ്ലീഹാ അറാമായ ഭാഷയിൽ ഒരു സുവിശേഷം എഴുതിയിരുന്നതായി ഹീറേപ്പോളിസിൽ നിന്നുമുള്ള പപ്പിയാസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ പാരമ്പര്യമനുസരിച്ച് മത്തായി രക്തസാക്ഷിയായി മരിച്ചു എന്ന് വിശ്വസിക്കുന്നു. ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ച് നവംബർ16-നാണ് തിരുനാൾ ആചരിക്കുന്നത്.

വിശുദ്ധ മത്തായിയുടെ ജീവിതത്തെ ചൂണ്ടിക്കാണിച്ചു കൊണ്ട് 2006-ൽ ബെനഡിക്ട് പാപ്പ പറഞ്ഞത് ഇപ്രകാരമായിരുന്നു: വിശുദ്ധിയിൽനിന്നും അകന്നുനില്ക്കുന്ന പാപികളായവർക്ക് ദൈവകാരുണ്യംവഴി ജീവിതത്തിന്റെ അത്ഭുതകരമായ മാറ്റങ്ങൾ വരുത്തുവാനുള്ള മാതൃകയായിട്ടാണ് വിശുദ്ധ മത്തായിയുടെ ജീവിതത്തെ സുവിശേഷം നമുക്കു തരുന്നത്. മത്തായി ശ്ലീഹായെ വിളിക്കുന്ന രംഗം ശ്ലീഹായുടെതന്നെ സുവിശേഷത്തിൽ വിവരിക്കുന്നതാണ് ഈ തിരുനാളിൽ വായിക്കുന്ന സുവിശേഷഭാഗം (മത്താ 9 :9-13). ഈശോ അവനെ കണ്ടു, ഈശോയുടെ നോട്ടം അനുഭവിച്ച ആ ചുങ്കക്കാരൻ, തന്നെ അനുഗമിക്കുക എന്ന ഈശോയുടെ ആഹ്വാനത്തിന് പെട്ടന്ന് ഉത്തരം നല്കുകയാണ്. എഴുന്നേറ്റ് ഈശോയെ അനുഗമിച്ചവൻ തന്റെ ഭവനത്തിലേയ്ക്കും തന്നോടൊപ്പമുള്ളവരിലേക്കും മിശിഹായെ എത്തിക്കുന്നതായാണ് സുവിശേഷത്തിൽ കാണുന്നത്. പാപികളോടും ബലഹീനരോടും കരുണ കാണിക്കുന്ന മിശിഹായാണ് മത്തായിയുടെ ഭവനത്തിലായിരിക്കുന്നത്. 'ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്'; 'ഞാൻ വന്നത് നീതിമാന്മാരെയല്ല പാപികളെ വിളിക്കുവാനാണ്' എന്ന സുവിശേഷം ഈശോ പങ്കുവെച്ചത് മത്തായി ശ്ലീഹായുടെ ഭവനത്തിലായിരുന്നപ്പോഴാണ്. ഹെബ്രായർക്കെഴുതപ്പെട്ട ലേഖനത്തിൽ നിന്നുള്ള വായനയിൽ (ഹെബ്രാ 11, 23-26) മൂശെയെക്കുറിച്ച് പറയുന്ന വചനം മത്തായി ശ്ലീഹായുടെ ജീവതത്തിലും നിറവേറിയതായി കാണുവാൻ സാധിക്കും. പാപത്തിന്റെ നൈമിഷിക സുഖങ്ങളേക്കാൾ ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരുന്നതിനാണ് അവൻ ഇഷ്ടപ്പെട്ടത്. മൂശെ ഫറവോയുടെ കൊട്ടാരത്തിലെ സുരക്ഷിതത്വത്തിൽ നിന്നിറങ്ങി സ്വന്തം ജനത്തിന്റെ പക്കലേക്കു ചെന്നു. അവരുടെ രക്ഷയ്ക്കുള്ള ഉപകരണമായി. ലേവി ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് മിശിഹായെ അനുഗമിക്കുകയും സ്വന്തം ജനത്തിന്റെ പക്കലേക്ക്, പാപികളിലേക്കും ബലഹീനരിലേക്കും, മിശിഹായെ കൂട്ടിക്കൊണ്ടു വരികയും അവർക്ക് രക്ഷകനെ നല്കുന്നതിനുള്ള ഉപകരണമാകുകയും ചെയ്തു. മിശിഹായെ പ്രതിയുള്ള സഹനത്തിൽ തനിക്കു ലഭിക്കാനിരിക്കുന്ന പ്രതിഫലത്തിലോണ് അവൻ ദൃഷ്ടി പതിപ്പിച്ചത്. മൂശെയിലൂടെ ഇസ്രായേൽജനത്തിന് നിയമം നല്കിയെങ്കിൽ മത്തായി ശ്ലീഹാ യഹൂദന്മാർക്കായി സുവിശേഷം എഴുതി. വിളിക്കപ്പെട്ടപ്പോൾ മത്തായി ശ്ലീഹാ എന്തു നഷ്ടപ്പെടുത്തി എന്തു കണ്ടെത്തി? സുരക്ഷിതമായ ഒരു ജോലി നഷ്ടപ്പെടുത്തി; എന്നാൽ സുവ്യക്തമായ ഒരു ലക്ഷ്യം കണ്ടെത്തി. നല്ല വരുമാനം നഷ്ടപ്പെടുത്തി; എന്നാൽ ബഹുമാനം കണ്ടെത്തി. ചുങ്കക്കാരന്റെ മേശ ഉപേക്ഷിച്ചപ്പോൾ കർത്താവിനൊപ്പം ഭക്ഷണത്തിനിരുന്നു. ചുങ്കക്കാരന്റെ മേശ ഉപേക്ഷിച്ചാലും പേന സൂക്ഷിച്ചു. അതു സുവിശേഷതൂലികയായി മാറി.

സീറോമലബാർആരാധനക്രമകമ്മീഷൻ, (റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ)
മൗണ്ട് സെന്റ്തോമസ് കാക്കനാട്

18-09-2020